കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം
## പാലക്കാട്

e-mail:dopkd.ksad@kerala.gov.in

www.lfa.kerala.gov.in

# മണ്ണാർക്കാട് ബ്ലോക്ക്പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പി.കെ.ഡി8/790/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തീയതി – 05.07.2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്ര സഹിതം)
2. ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
3. അസി. ഡെവലപ്പ്മെന്റ് കമ്മീഷണർ, പാലക്കാട്
4. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി8/790/2019 തീയതി – 05.07.2019

## പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 2-11-2017 മുതൽ 4.5.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ.വാസുദേവൻ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 6.5.2019മുതൽ 16.5.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.പി.സുജാത | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.എ.സുജാത | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മുഹമ്മദ്ഹിഷാം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | 1 | ശ്രീ. കെ.പി. മൊയ്തു | 1.4.2017മുതൽ 19.4.2017 |
| | | ശ്രീ.യൂസഫ് പാലക്കൽ | 20.4.2017മുതൽ 31-3-2018വരെ |
| സെക്രട്ടറി | 1 | ശ്രീ. അനീഷ് .ജെ. ആയ്ക്കപ്പള്ളി | 1.04.2017മുതൽ 1.05.2017വരെ |
| | 2 | ശ്രീമതി.ജാക്വിലിൻ ജോർജ്ജ് | 2.05.2017മുതൽ 31-3-2018വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസി.എക്സി.എഞ്ചിനിയർ | 1 | ശ്രീ.സി.അനിലകുമാരൻ | 1.4.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | 1 | ശ്രീ. ഡോ. അബ്ബാസ് | 1.4.2017 മുതൽ 31.3.2018 വരെ |
| കൃഷി അസി.ഡയറക്ടർ | | ശ്രീ. ഇ.കെ.യൂസഫ് | 1.4.2017 മുതൽ 31.3.2018 വരെ |
| സി.ഡി.പി.ഒ (മണ്ണാർക്കാട് അഡീഷണൽ) | 1 | ശ്രീമതി.ശിൽപ.യു.ജെ | 1.4.2017 മുതൽ 30.6.2017 വരെ |
| | 2 | ശ്രീമതി.രമ.ആർ | 1.7.2017 മുതൽ 18.8.2017FN വരെ |
| | 3 | ശ്രീമതി.ഗീത.കെ | 18.8.2017 AN മുതൽ 31.3.2018 വരെ |
| സി.ഡി.പി.ഒ. | 1 | ശ്രീമതി.ശിൽപ.യു.ജെ | 1.4.2017 മുതൽ 13.6.2017 വരെ |
| | 2 | ശ്രീമതി.ജിജി ജോൺ | 14.6.2017മുതൽ 31.3.2018 വരെ |
| എസ്.സി.ഡി.ഒ. | 1 | ശ്രീ. മുകേഷ്.റ്റി.എം. | 1.4.2017 മുതൽ 3.4.2017 വരെ |
| | 2 | ശ്രീ.ശ്രീജിത് ബാബു | 4.4.2017 മുതൽ 14.7.2017 വരെ |
| | 1 | ശ്രീ. സുജിത്.എസ് | 15.7.2017മുതൽ 15.9.2017 വരെ |
| | 2 | ശ്രീ.പ്രദീപ്.പി | 16.9.2017മുതൽ 11.10.2017വരെ |
| | 3 | ശ്രീ.വിജയൻ കെ | 12.10.2017മുതൽ 31.3.2018 വരെ |
| ഡയറി. എക്സ്റ്റൻഷൻ ഓഫീസർ | 1 | ശ്രീമതി.ജാക്വലിൻ.ജെ | 1.4.2017 മുതൽ 8.5.2017 വരെ<br>16.7.2017 മുതൽ 17.7.2018 വരെ |
| | 2 | ശ്രീമതി.രശ്മി.കെ.ജി | 9.5.2017 മുതൽ 15.7.2017 വരെ |
| | 3 | ശ്രീമതി.പ്രിയ പി.ബി | 18.7.2017 മുതൽ 31.3.2018 വരെ |

| | | | |
|---|---|---|---|
| സീനിയർ വെറ്ററിനറി സർജൻ | 1 | ഡോ. ഷാജി പണിക്കശ്ശേരി | 1.4.2017 മുതൽ 31.3.2018 വരെ |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് .22.03.2017ലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. മുൻബാക്കി ഉൾപ്പെടെ ആകെ വരവ് 524936000രൂപയും ആകെ ചെലവ് 524104000രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 20.6.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 4.07.18 മുതൽ 5.07.18 വരെ | കെ.എസ്.എ.പി.കെ.ഡി 21/ 1905(5)/18 തീയതി 29.08.18 |

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 40984401.87 |
| വരവ് | 130769202 |
| ആകെ | 171753603.87 |
| ചെലവ് | 127129810 |
| നീക്കിയിരിപ്പ് | 44623793.87 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക/ സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 59031669 | 59031669 | 50918288 | 8113381 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 0 | 27054000 | 27054000 | 24180948 | 2873052 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | 0 | 1488000 | 1488000 | 1362619 | 125381 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 7155000 | 7155000 | 4494586 | 2660414 |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി ടി എസ് ബി അക്കൗണ്ട്) | | 5998943 | 4230041+ 3283335 | 13512319 | 10513746 | 2998573 |
| സാക്ഷരത | | 121284 | 0 | 121284 | 0 | 121284 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ടി.എസ്.സി | 1091965 | 163649 | 1255614 | 223982 | 1031632 |
| | എസ്.ജി. എസ്.വൈ | 52722 | 0 | 52722 | 0 | 52722 |
| | IWDP ഹരിയാലി | 45256 | 0 | 45256 | 0 | 45256 |

| | | | | | | |
|---|---|---|---|---|---|---|
| | എസ്.ഡി.എഫ്. എം.എ | 1005722.87 | 0 | 1005722.87 | 0 | 1005722.87 |
| | എംപി/ എംഎൽഎ PNB | 1844640 | 7434333 | 9278973 | 8864414 | 414559 |
| | ARWSS | 1810 | 0 | 1810 | 0 | 1810 |
| | ബി.ആർ. ജി.എഫ് | 683676 | 0 | 683676 | 0 | 683676 |
| | ഐ.എ.വൈ (സെൻട്രൽ) | 0 | 70210 | 70210 | 0 | 70210 |
| | ഐ എ വൈ പ്ലാൻ/ പി എം എ വൈ (സംയുക്ത അക്കൗണ്ട്) | 27765787 | 82086866 | 109852653 | 74431573 | 35421080 |

1. ജനറൽ പർപ്പസ് ഗ്രാന്റ് റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റിൽ തെറ്റായ ഹെഡിൽ വരവിലെടുത്തിരിക്കുന്നു. കൂടാതെ ജനറൽ പർപ്പസ് ഗ്രാന്റിന്റെ യഥാർത്ഥ വരവ് 3581820 രൂപയാണെങ്കിലും 3283335 രൂപ മാത്രമാണ് എ എഫ് എസിൽ വരവിൽ എടുത്തിട്ടുള്ളത്.
2. സംയുക്ത പ്രൊജക്ടുകൾക്ക് മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാകുന്ന തുകകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേകം അപ്രോപ്രിയേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വേർതിരിച്ചുള്ള കണക്ക് ലഭ്യമല്ല. ജോയിന്റ് വെഞ്ച്വർ പദ്ധതികൾക്കായി ട്രഷറിയിൽ അക്കൗണ്ട് ചേർന്നിട്ടുണ്ടെങ്കിലും പ്രസ്തുത അക്കൗണ്ടിൽ തുകയൊന്നും നിക്ഷേപിച്ചിട്ടില്ല. എഎഫ് എസിലും പ്രത്യേക ഹെഡുകളിൽ വരവിലെടുത്തിട്ടില്ല.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 177 | 138859319 | 139 | 81186234 | 38 | 78.53 |

| നിർവ്വഹണോദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 67272870 | 35406480 | 52.63 |
| സെക്രട്ടറി | 55290700 | 37731499 | 68.24 |
| പട്ടികജാതി വികസന ഓഫീസർ | 1233070 | 1184923 | 96 |
| അസി.ഡയറക്ടർ/സീനിയർ വെറ്ററിനറി സർജൻ/ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1300000 | 375400 | 28.88 |
| മെഡിക്കൽ ഓഫീസർ,സി.എച്ച്.സി | 747679 | 747679 | 100 |
| സിഡിപിഒ | 6640000 | 3894002 | 58.64 |
| കൃഷി അസി.ഡയറക്ടർ | 6375000 | 1846251 | 28.96 |

# 1-7 തൊഴിലുറപ്പ് പദ്ധതി

ഇല്ല

# 1-8 ക്ഷേമ പദ്ധതികൾ

ഇല്ല

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6.5.2019 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15096 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

വരവു ചെലവുകൾ അതാതു കാലയളവിൽ തന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടെന്നും വാർഷിക കണക്കിൽ പ്രതിഫലിക്കുന്നുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റുകൾ സാംഖ്യ സോഫ്റ്റ്‌വെയറിലെ ബാങ്ക് ബുക്കുമായി പ്രതിമാസം റീകൺസിലിയേഷൻ നടത്തി പൊരുത്തപ്പെടുത്തി സൂക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പദ്ധതികൾക്കായി ലഭ്യമാകുന്ന തുകകൾ -ഐഎവൈ, പി.എം.എ.വൈ. പദ്ധതി - യഥാസമയം ചെലവഴിക്കാത്തതിനാൽ ഭീമമായ തുക ബാങ്ക് അക്കൗണ്ടുകളിൽ അവശേഷിക്കുന്നു. ആവശ്യമായ തുക കഴിഞ്ഞ് ബാക്കി തുക സർക്കാരിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഭവന പദ്ധതികൾക്കായി വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ജില്ലാപഞ്ചായത്ത്, കേന്ദ്രവിഹിതം, സംസ്ഥാനസർക്കാർ വിഹിതം എന്നിങ്ങനെ ലഭ്യമാകുന്ന ലഭ്യമാവുന്ന തുകകളുടെയും വരവ്, ചെലവ് വിവരം രേഖപ്പെടുത്തുന്നതിന് പ്രത്യേകം അപ്രോപ്രിയേഷൻ സൂക്ഷിക്കേണ്ടതും അവശേഷിക്കുന്ന തുകയിൽ ഓരോ സ്ഥാപനത്തിൽ നിന്നുമുള്ള വിഹിതം വ്യക്തമാക്കുന്ന രീതിയിൽ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

വിവിധ അക്കൗണ്ടുകളിൽ നിന്ന് തുക അനുവദിക്കുമ്പോൾ വൗച്ചറിനോടൊപ്പം സാംഖ്യയിൽ നിന്നുള്ള പേമെന്റ് വൗച്ചറുകൾ പ്രിന്റെടുത്ത് സൂക്ഷിച്ചിട്ടില്ല. ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് | റിപ്പോർട്ട് |
|---|---|---|---|

| | നടത്തിയ തീയതി | കാലയളവ് | ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.1.2019 മുതൽ 28.1.2019 | 2017-18 | 14.2.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.1.2017 മുതൽ 7.1.2017 | 1/2015 to 12/2016 | 29.3.2017 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1. ജനറൽ പർപ്പസ് ഗ്രാന്റ് റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റിൽ തെറ്റായ ഹെഡിൽ വരവിലെടുത്തിരിക്കുന്നു. കൂടാതെ ജനറൽ പർപ്പസ് ഗ്രാന്റിന്റെ യഥാർത്ഥ വരവ് 3581820 രൂപയാണെങ്കിലും 3283335 രൂപ മാത്രമാണ് എ എഫ് എസിൽ വരവിൽ എടുത്തിട്ടുള്ളത്.

2. ജോയിന്റ് വെഞ്ച്വർ പദ്ധതികൾക്കായി ട്രഷറിയിൽ അക്കൗണ്ട് ചേർന്നിട്ടുണ്ടെങ്കിലും പ്രസ്തുത അക്കൗണ്ടിൽ തുകയൊന്നും നിക്ഷേപിച്ചിട്ടില്ല. എഎഫ് എസിലും പ്രത്യേക ഹെഡുകളിൽ വരവിലെടുത്തിട്ടില്ല. സംയുക്ത പ്രൊജക്ടുകൾക്ക് മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാകുന്ന തുകകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേകം അപ്രോപ്രിയേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വേർതിരിച്ചുള്ള കണക്ക് ലഭ്യമല്ല. ബാലൻസ് ഷീറ്റിലെ ബി4 ഷെഡ്യൂൾ പ്രകാരം മറ്റ് സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമായ തുകയിൽ ഭീമമായ തുക അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ബാങ്കിന്റെ നീക്കിയിരുപ്പ് തുകയുമായി ഇത് പൊരുത്തപ്പെടുന്നില്ല

3. ബാലൻസ് ഷീറ്റിലെ ബി4 ഷെഡ്യൂൾ പ്രകാരം ബി ആർജി എഫിന്റെ നീക്കിയിരുപ്പ് 1377895.50 രൂപയാണെങ്കിലും ബാങ്ക് നീക്കിയിരുപ്പ് കാണിക്കുന്ന RP 40(b)ഷെഡ്യൂളിലും ബാങ്ക് അക്കൗണ്ടിലും 683676.50രൂപ മാത്രമാണ് അവശേഷിക്കുന്നത്. അതുപോലെ ടി എസ് സി, എസ് ജി എസ് വൈ, ARWSS എന്നീ അക്കൗണ്ടുകളിലെ തുകകളും വ്യത്യാസപ്പെട്ടിരിക്കുന്നു.

4. 2017-18 കാലയളവിൽ ബ്ലോക്ക് പഞ്ചായത്തിന് ഇ എം എസ് ഭവനപദ്ധതി, ഐ എ വൈ എന്നീ പദ്ധതികൾക്കായി രണ്ട് ലോണുകളുണ്ടെങ്കിലും ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

5. ബി 18 ഷെഡ്യൂൾ പ്രകാരം ക്രമീകരിക്കാത്ത അഡ്വാൻസിനത്തിൽ 2797810 രൂപ അവശേഷിക്കുന്നു. അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

6. താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളിൽ ട്രാൻസാക്ഷൻ നടക്കുന്നതായി കാണുന്നില്ല

വിജയാ ബാങ്ക് മണ്ണാർക്കാട് (നം.8393-മിസലേനിയസ്)

വിജയാ ബാങ്ക് മണ്ണാർക്കാട് (നം.2166 സാക്ഷരത)

കനറാ ബാങ്ക് (നം.3804-ബി ആർ ജി എഫ്)

കനറാ ബാങ്ക് (നം.6473-മിസലേനിയസ്)

പി എൻ ബി മണ്ണാർക്കാട് (നം.21920-ARWSS)

എസ് ബി ഐ (നം.6407-എസ് ജി എസ് വൈ)

ഇൻഡ്യൻ ഓവർസീസ് ബാങ്ക്-SECC-പാസ് ബുക്ക് ലഭ്യമാക്കണം

പി എൻബി (29390-ഐ എ വൈ സ്റ്റേറ്റ് ഷെയർ)

പാലക്കാട് ഡിസ്ട്രിക്റ്റ് കോപ്പറേറ്റീവ് ബാങ്ക് (നം. ലഭ്യമല്ല)-പാസ് ബുക്ക് ലഭ്യമാക്കിയില്ല.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ്

# നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ-214,സർക്കാർ ഉത്തരവ് (ആർ.റ്റി) നം.3291/2016/ത.സ്വ.ഭ.വ തിയതി 02.12.2016 പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാന്വൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

1. അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ്-പദ്ധതി,പദ്ധതിയേതര നിർദ്ദേശങ്ങൾ നിർവഹണ ഉദ്യോഗസ്ഥരും സ്റ്റാന്റിംഗ് കമ്മറ്റികളും ജനവരി 15 -ന മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതാണ്.
2. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ നിർദ്ദേശങ്ങളിൽ നിന്നും ബജറ്റ് തയ്യാറാക്കേണ്ടതും കരട് ബജറ്റ് അനുബന്ധ രേഖകൾ സഹിതം മാർച്ച് മാസത്തിലെ ആദ്യ ആഴ്ചയിൽ തന്നെ പഞ്ചായത്ത് കൗൺസിലിന്റെ അംഗീകാരത്തിന് വെയ്ക്കേണ്ടതുമാണ്.
3. പഞ്ചായത്ത് കൗൺസിൽ ആവ്ശ്യമായ ചർച്ചകൾക്ക് ശേഷം മാർച്ച് 31 ന മുമ്പായി ബജറ്റ് പാസാക്കിയിരിക്കണം.

എന്നാൽ മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിൽ മേൽപ്രകാരമുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കപ്പെട്ടിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യുടെ മിനിറ്റ്സ്, വിവിധ വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകൾ എന്നിവ പരിശോധിച്ചപ്പോൾ 17.3.2017 തിയതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യോഗത്തിൽ ബജറ്റ് എസ്റ്റിമേറ്റ് അവതരിപ്പിച്ച് പാസാക്കി ഭരണ സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഭരണസമിതിയുടെ 22.3.2017 ലെ തീരുമാന പ്രകാരം ബജറ്റ് അംഗീകരിച്ചു.

ബജറ്റ് ഫയലിൽ ബജറ്റിന്റെ നടപടിക്രമങ്ങൾ യാഥാവിധി ചെയ്തതായുള്ള രേഖകൾസൂക്ഷിച്ചിട്ടില്ല. ബജറ്റിന്റെ പ്രിന്റ് ചെയ്ത പകർപ്പ് മാത്രമാണ്ഫയലായി സൂക്ഷിച്ചിട്ടുള്ളത്. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർത്തിട്ടുള്ളതായോ, സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥർ നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ സമർപ്പിച്ചിട്ടുള്ളതായോ നിർവഹണ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയോ ചെയ്തതായി കണ്ടില്ല. അംഗീകരിച്ച വാർഷിക പദ്ധതികളും നോൺ പ്ലാൻ എസ്റ്റിമേറ്റുകളും സംയോജിപ്പിച്ചാണോ കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്നും വ്യക്തമല്ല. മേൽ അപാകതകൾക്ക് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് നിർവഹണഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും അവരുടെ നിർദ്ദേശങ്ങൾ കേൾക്കുകയും ചെയ്തതിന് ശേഷമാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ബജറ്റ് അംഗീകരിച്ചത് എന്നാണ് മറുപടി സമർപ്പിച്ചിട്ടുള്ളത് എന്നാൽ ആയത് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ചെലവുകൾക്കുള്ള അടിസ്ഥാന അനുമതിയായ ബജറ്റ് നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചിട്ടു മാത്രമേ പാസാക്കപ്പെടുന്നുള്ളൂ എന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഭരണ സമിതിയും ഉറപ്പ് വരുത്തേണ്ടതാണ്.

## 2-2 അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സൂക്ഷിക്കുന്നില്ല

2011 ലെ കേരളാപഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ-ചട്ടം 6(5) അനുസരിച്ച് ബാങ്ക്/ട്രഷറിയിൽ നിന്നും ലഭിക്കുന്ന പ്രതിമാസ അക്കൗണ്ട്സ് സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്ക്/ട്രഷറി അക്കൗണ്ടിൽ യഥാർത്ഥത്തിലുള്ള നീക്കിയിരിപ്പ്, ബന്ധപ്പെട്ട ബാങ്ക് ബുക്കിലെ നീക്കിയിരിപ്പുമായി താരതമ്യപ്പെടുത്തി പൊരുത്തപ്പെടുത്തേണ്ടതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ 2017-18,2018-19 വർഷങ്ങളിലൊന്നും തന്നെ ഇത്തരത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റുകൾ സാംഖ്യ സോഫ്റ്റ്‌വെയറിലെ ബാങ്ക് ബുക്കുമായി പ്രതിമാസം റീകൺസിലിയേഷൻ നടത്തി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. മാന്വലായി രേഖപ്പെടുത്തുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ വർഷാന്ത്യത്തിൽ മാത്രമാണ് പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ളത്. ആയതിൽ തന്നെ അപൂർണമായ വിവരങ്ങളാണുള്ളത്.

അക്കൗണ്ടുകൾ സാംഖ്യ സോഫ്റ്റ്‌വെയറിലെ ബാങ്ക് ബുക്കുമായി പ്രതിമാസം റീകൺസിലിയേഷൻ നടത്തി സൂക്ഷിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5/14.5.2019) മറുപടി സമർപ്പിച്ചിട്ടില്ല.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 ഭവന പദ്ധതികളുടെ നിർവഹണം- അവലോകനം

1. **ഐ എ വൈ പ്ലാൻ അക്കൗണ്ടിൽ ഭീമമായ തുക അവശേഷിക്കുന്നു**

ഐഎവൈ / പി എം എ വൈ ഭവന പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്ന് പിൻവലിച്ചതും കേന്ദ്ര സർക്കാർ, ഗ്രാമപഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്ത്, സംസ്ഥാന സർക്കാർ എന്നിവയിൽ നിന്നുള്ള വിഹിതങ്ങളും നിക്ഷേപിച്ചിട്ടുള്ളത് പഞ്ചാബ് നാഷണൽ ബാങ്കിന്റെ 4803000100003113 എന്ന അക്കൗണ്ടിലാണ്. 2017-18 മാർച്ച് മാസത്തിനുശേഷം 35421080രൂപ ഈ അക്കൗണ്ടിൽ അവശേഷിക്കുന്നു. ഓരോ വർഷവും പ്രൊജക്ട് അടങ്കൽ പ്രകാരമുള്ള മുഴുവൻ തുകയും പിൻവലിച്ച് അക്കൗണ്ടിൽ നിക്ഷേപിക്കുകയും പിന്നീട് പണി പൂർത്തിയാക്കുന്ന വീടുകളുടെ സ്റ്റേജ് അനുസരിച്ച് തുക നൽകുന്നതു മൂലമാണ് ഇത്തരത്തിൽ തുക അവശേഷിക്കുന്നതിന് ഇടയാക്കുന്നത്. 2017-18 വർഷത്തിൽ മുൻവർഷത്തെ പദ്ധതികൾക്കുൾപ്പെടെ വിവിധ ഭവന പദ്ധതികൾക്ക് ഈ അക്കൗണ്ടിൽ നിന്ന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഏത് പദ്ധതി പ്രകാരമാണ് തുക അനുവദിക്കുന്നതെന്ന് ചെക്ക് ഇഷ്യൂ രജിസ്റ്ററിലോ ബാങ്ക് ബുക്കിലോ രേഖപ്പെടുത്തുന്നില്ല. ഒരു പ്രധാന ചെക്കെഴുതി അതിൽ നിന്നും വിവിധ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് അനുവദിക്കുകയാണ് ചെയ്യുന്നത്. ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പർ അടങ്ങിയ സ്റ്റേറ്റ്മെന്റ്, പ്രൊസീഡിംഗ്സ് എന്നിവ പ്രിന്റെടുത്ത് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന പദ്ധതികൾക്ക് വേണ്ടിയും പദ്ധതി ഫണ്ട് പിൻവലിച്ച് ഈ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

എ)ഐഎവൈ അധിക ധനസഹായം (2015-16)

പ്രൊജക്ട് നം.

2015-16 വർഷത്തിലെ ഐഎവൈ ഗുണഭോക്താക്കൾക്ക് അധിക ധനസഹായം നൽകുന്നതിനായിട്ടാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. 8 ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി അക്കൗണ്ടിലേക്ക് നൽകുന്നതിനായി താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം തുകകൾ പിൻവലിച്ചിട്ടുണ്ട്.

| ബിൽ നം. | തുക |
|---|---|
| 1/31.7.2017 | 3120000 |
| 5/30.8.2017 | 2005000 |
| 11/28.9.2017 | 400000 |
| 21/19.10.2017 | 640000 |
| 28/28.10.2017 | 3589000 |

ബിൽ നം. 28/28.10.2017 പ്രകാരം പിൻവലിച്ച തുക 3589000 രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ 4803000100003113 എന്ന ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുകയാണ്. ഈ തുകയിൽ നിന്നും ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചിട്ടുള്ളത് സംബന്ധിച്ച് പ്രൊജക്ട് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ല.

പ്രസ്തുത തുകയിൽനിന്ന് എത്ര രൂപ അനുവദിച്ചു എന്നത് വ്യക്തമാക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

ബി) <u>പി എം എ വൈ 2017-18 (60 പേർക്ക്)</u>

പ്രൊജക്ട് നം. 83/18

ട്രഷറി ബിൽ നം. 31/28.10.2017 പ്രകാരം 384000 രൂപ പിൻവലിച്ച് 4803000100003113 എന്ന ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. നിക്ഷേപിച്ച തുകയിൽ നിന്നും ഈ പദ്ധതിക്കായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

സി) <u>പി എം എ വൈ അധികവിഹിതം (92/18)</u>

ട്രഷറി ബിൽ നം. 29/28.10.2017 പ്രകാരം 832000 രൂപ പിൻവലിച്ച് 4803000100003113 എന്ന ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. പിൻവലിച്ച് നിക്ഷേപിച്ച തുകയിൽ നിന്നും ഈ പദ്ധതിക്കായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ പദ്ധതി പ്രകാരം പിൻവലിച്ച തുക പ്രസ്തുത ആവശ്യത്തിനായി ചെലവഴിച്ചിട്ടുണ്ടോയെന്ന് വ്യക്തമാകുന്നില്ല.

ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയിൽ പി എം എ വൈ പദ്ധതിക്ക് ആവശ്യമായ തുക കണക്കാക്കി ബാക്കിയുള്ള തുക തിരിച്ചടക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

**2)<u>ലൈഫ് ഭവന പൂർത്തീകരണം (ജനറൽ) പദ്ധതിക്കായി ഗ്രാമപഞ്ചായത്തിലേക്ക് അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല</u>**

ജനറൽ പദ്ധതി പ്രകാരം 5200000 രൂപ വകയിരുത്തിയതിൽ താഴെപ്പറയും പ്രകാരം തുക പിൻവലിച്ചിട്ടുണ്ട്. ബിൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു. പിൻവലിച്ച തുകയിൽ നിന്നും രണ്ട് ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകുന്നതിനായി 2602063 രൂപ ചെലവഴിച്ചു. പ്രസ്തുത തുക ഈ ആവശ്യത്തിന് വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| ബിൽ നം. | തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 38/20.2.2018 | 480500 | 9 |
| 40/23.2.2018 | 2602063 | അലനല്ലൂർ ഗ്രാ.പ-800000<br>കാഞ്ഞിരപ്പുഴ ഗ്രാ.പ-413000<br>തെങ്കര 1389063 |
| 42/28.2.2018 | 1008500 | 20 |
| 45/9.3.2018 | 296500 | 6 |
| 47/18.3.2018 | 521000 | 9 |
| 56/21.3.2018 | 320000 | 4 |
| 59/28.3.2018 | 1027914 | 12 |
| 63/31.3.2018 | 2470266 | 26 |
| 65/31.3.2018 | 509457 | 9 |

ബിൽ നം. 40/23.2.2018 പ്രകാരം പിൻവലിച്ച് 3 ഗ്രാമപഞ്ചായത്തിലേക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ഗ്രാമപഞ്ചായത്തിൽനിന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

**3)ലൈഫ് ഭവന പൂർത്തീകരണം (എസ് സി)-നാളിതുവരെയും പൂർത്തീകരിക്കാത്ത ഭവനങ്ങൾ**

ലൈഫ് ഭവനപദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ 3 എസ് ടി ഗുണഭോക്താക്കളുടെ ഭവനനിർമാണം നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പദ്ധതി/വർഷം | അർഹമായ തുക | കൈപ്പറ്റിയ തുക |
|---|---|---|---|

| | | | |
|---|---|---|---|
| ലക്ഷ്മി നാഗൻ<br>അച്ചിലട്ടികോളനി<br>പാലക്കയം | ഐ എ വൈ<br>2010-11 | 515000 | 200000 |
| തങ്ക നാഗൻ<br>അച്ചിലട്ടികോളനി<br>പാലക്കയം | ഐ എ വൈ<br>2010-11 | 515000 | 200000 |
| ശാന്ത കമ്പി<br>അച്ചിലട്ടികോളനി<br>പാലക്കയം | ഐ എ വൈ<br>2010-11 | 515000 | തുക നൽകിയിട്ടില്ല |

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമാണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**4)മറ്റു തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകയുടെ വരവ് ചെലവ് വ്യക്തമാകുന്നതിന് രജിസ്റ്റർ സൂക്ഷിക്കുന്നില്ല**

ഭവന പദ്ധതികൾക്കായി വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ജില്ലാ പഞ്ചായത്ത്, കേന്ദ്രവിഹിതം, സംസ്ഥാന സർക്കാർ വിഹിതം എന്നിങ്ങനെ ലഭ്യമാകുന്ന തുകകളിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നുള്ള കൃത്യമായ വിവരം ലഭ്യമാവുന്നതിന് ബ്ലോക്ക് പഞ്ചായത്തിൽ യാതൊരു മാർഗവും നിലവിലില്ല. ഐ എ വൈ പദ്ധതിക്കായുള്ള ഐ എ വൈ പ്ലാൻ അക്കൗണ്ടിൽ മറ്റു സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമായിട്ടുള്ള തുകകളും ഉൾപ്പെടുന്നുണ്ട്.

2017-18 വർഷത്തിൽ വിവിധ ഭവന പദ്ധതികൾക്കായി കേന്ദ്ര ഫണ്ടിനത്തിലും ഗ്രാമപഞ്ചായത്തുകളിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും തുകകൾ ലഭ്യമായതിന്റെയും ചെലവഴിച്ചതിന്റെയും വിവരം താഴെചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 16000000 | പി.എം.എ.വൈ | 14500000 | 1500000 |
| കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് | 440000 | പി.എം.എ.വൈ | - | 440000 |
| കുമരംപുത്തൂർ ഗാരമപഞ്ചായത്ത് | 440000 | പി.എം.എ.വൈ | - | 440000 |
| തച്ചനാട്ടുകര | 52500 | പി.എം.എ.വൈ | - | 52500 |
| തെങ്കര | 100000 | പി.എം.എ.വൈ | - | 100000 |

മറ്റു സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാവുന്ന തുകകളുടെ വരവ്, ചെലവ് വിവരം രേഖപ്പെടുത്തുന്നതിന് പ്രത്യേകം അപ്രോപ്രിയേഷൻ സൂക്ഷിക്കേണ്ടതും അവശേഷിക്കുന്ന തുകയിൽ ഓരോ സ്ഥാപനത്തിൽ നിന്നുമുള്ള വിഹിതം എത്രയെന്ന് വ്യക്തമാക്കുന്ന രീതിയിൽ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുമാണ്. അപാകതകൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/13.5.19) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

# 3-2 ബ്ലോക്ക് പഞ്ചായത്തിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ

പ്രൊജക്ട് നം. 89/18

ബിൽ നം. 64/31.3.2018-124200

നിർവഹണം- സെക്രട്ടറി

ബ്ലോക്ക് പഞ്ചായത്തിലേക്ക് ആവശ്യമായ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് വികസനഫണ്ടിൽ തുക വകയിരുത്തി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രൊജക്ടിൽ ടെണ്ടർ മുഖേന വാങ്ങുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അതനുസരിച്ച് ടെണ്ടർ 5.3.2018 തീയതിയിൽ നടന്ന ടെണ്ടറിൽ 4 സ്ഥാപനങ്ങളാണ് പങ്കെടുത്തിട്ടുള്ളത്. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തെ ഒഴിവാക്കി ഉയർന്ന ടെണ്ടർ സ്വീകരിച്ചിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തി. പി എ കെ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്.

| സ്ഥാപനത്തിന്റെ പേര് | രേഖപ്പെടുത്തിയ നിരക്ക് | |
|---|---|---|
| | ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ | പ്രിന്റർ |
| Apple talk | 42489 intel i3,4GB memory,1TB HD( ടാക്സുൾപ്പെടെ) | 71720 4 എണ്ണത്തിന് ടാക്സുൾപ്പെടെ ( canon printer with 5 year warranty) |
| പി എ കെ എന്റർപ്രൈസസ് | 43000intel i3,4GB memory,500 GB HD | 81200 (4 എണ്ണം) |

| | വാങ്ങിയ നിരക്ക് | കുറഞ്ഞ നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ വ്യത്യാസം |
|---|---|---|
| ഏസർ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ | 43000 intel i3, 4GB memory, 500 GB HD | 511 |
| canonപ്രിന്റർ | 20300*4=81200 | 9480 |
| ആകെ തുക | 124200 | 9991 |

ഐ കെ എം ടെക്നിക്കൽ അസിസ്റ്റന്റായ ശ്രീ. ഷിജിത്ത്, പി എ കെ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടറിൽ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ലാത്തതായി കുറിപ്പെഴുതിയിരിക്കുന്നു. ടെണ്ടർ ഫോം പരിശോധിച്ചതിൽ പി എ കെ എന്റർപ്രൈസസ് എന്ന സ്ഥാപനം ആവശ്യമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ലാത്തതായും പിന്നീട് അഡീഷണൽ ഷീറ്റ് സമർപ്പിച്ചതായും കാണുന്നുണ്ട്. Apple talk എന്ന സ്ഥാപനം ആവശ്യമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിച്ചിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മറ്റി മുമ്പാകെയും ഭരണസമിതി മുമ്പാകെയും കമ്പാരിറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടില്ല. കുറഞ്ഞ ടെണ്ടർ ഒഴിവാക്കി ഉയർന്ന ടെണ്ടർ സ്വീകരിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/14.5.2019) ആപ്പിൾ ടെക്ക് എന്ന സ്ഥാപനം പ്രിലിമിനറി എഗ്രിമെന്റിനാവശ്യമായ സ്റ്റാമ്പ് പേപ്പർ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ടെണ്ടർ നിയമാനുസൃതമല്ലാതിരുന്നതുകൊണ്ടാണ് ഈ ടെണ്ടർ നിരസിച്ചതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ 9.3.2018 തീയതിയിലെ തീരുമാനത്തിലും ഭരണസമിതിയുടെ 15.3.2018 തീയതിയിലെ തീരുമാനത്തിലും പി എ കെ എന്റർപ്രൈസസ് സമർപ്പിച്ച കുറഞ്ഞ ടെണ്ടർ അംഗീകരിക്കുന്നു എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ മിനുട്സിലോ ടെണ്ടർ അംഗീകരിച്ച ഭരണസമിതിയുടെ തീരുമാനത്തിലോ ആപ്പിൾടെക്ക് എന്ന സ്ഥാപനത്തിന്റെ കുറഞ്ഞ ടെണ്ടർ ഒഴിവാക്കുന്നതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. പ്രിലിമിനറി എഗ്രിമെന്റിനാവശ്യമായ മുദ്രപ്പത്രം സമർപ്പിച്ചിട്ടില്ലെന്നുള്ള കാര്യം ഭരണസമിതിയെയും പ്രൊക്യൂർമെന്റ് കമ്മറ്റിയെയും ബോധ്യപ്പെടുത്തി കമ്മറ്റിയിൽ തീരുമാനം കൈക്കൊള്ളേണ്ടതായിരുന്നു. ലഭ്യമായ ടെണ്ടറുകളുടെ താരതമ്യപട്ടിക തയ്യാറാക്കി, ആവശ്യമെങ്കിൽ കുറഞ്ഞ നിരക്കിലുള്ള സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തിയതിനുശേഷം ടെണ്ടർ അംഗീകരിക്കുന്ന തീരുമാനം കൈക്കൊള്ളുവാൻ പ്രൊക്യൂർമെന്റ് കമ്മറ്റിയും ഭരണസമിതിയംഗങ്ങളും ശ്രദ്ധിക്കേണ്ടതാണ്.

# 3-3 ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത ഇനത്തിന് തുക ചെലവഴിച്ചു

പ്രൊജക്ട് നം.107/18 (മണ്ണാർക്കാടിന്റെ സാംസ്കാരിക പെരുമ, പുസ്തക പ്രകാശനം, ദൃശ്യാവിഷ്കാരം, നാടൻ കലാസംഗമം)

അടങ്കൽ-256040 (വികസന ഫണ്ട്)

മണ്ണാർക്കാടിന്റെ സാംസ്കാരികപ്പെരുമയെക്കുറിച്ചും പൊതുവായ വിവരങ്ങൾ സംബന്ധിച്ചും ഡോക്യുമെന്റേഷൻ ചെയ്യുക, ഗ്രന്ഥം പ്രസിദ്ധീകരിക്കുക നാടൻ കലാസംഘങ്ങൾ സംഘടിപ്പിക്കുക എന്നിവയാണ് പ്രൊജക്ടിൽ ഉദ്ദേശിച്ചിട്ടുള്ളത്. 2017-18 വർഷത്തിൽ ഈ പദ്ധതിക്കായി ട്രഷറി ബിൽ നം. 62/28.3.2018 പ്രകാരം 116890 രൂപ പിൻവലിച്ചിട്ടുണ്ട്. ടി തുക താഴെപ്പറയുന്ന അക്കൗണ്ടുകളിലേക്കാണ് നൽകിയിട്ടുള്ളത്.

| അക്കൗണ്ട് നം. | തുക | ആവശ്യം | |
|---|---|---|---|
| 20260604100015-അബ്ദുൾനാസർ കെ | 105000 | ഫോട്ടോ-26000, പേപ്പർചാർജ്-49600, ഡിറ്റിപി ഡിസൈനിംഗ് വർക്ക്-29400 എന്നീയിനങ്ങളിലായി 105000 | മൈക്രോ പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം.207-29400<br>ഇൻവോയ്സ് നം.208-29400<br>ഇൻവോയ്സ് നം.214-29400 |
| 7210314000005-ടി എസ് ബി അക്കൗണ്ട് | 890 | ബാനർ ചെലവിനായി തനത് ഫണ്ടിൽ നിന്നും നൽകിയ തുക റീക്കൂപ്പ് ചെയ്യു | ആർട്സ് പ്ലസ് എന്ന സ്ഥാപനത്തിന്റെ ഇൻവോയിസ് നം.343/20.12.17 |

| | | | |
|---|---|---|---|
| 57054696954-എൻ സെയ്ത്തലവി | 11000 | പി.ഷിഹാബുദ്ദീന് നൽകിയ വാഹന വാടക | |

പ്രിന്റിംഗ് ചെലവുകൾക്ക് ക്വട്ടേഷൻ ക്ഷണിച്ച് മൈക്രോപ്രിന്റേഴസ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചാണ് പ്രിന്റിഗ്, പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളത്. സമർപ്പിച്ച ഇൻവോയ്സുകളിലൊന്നിലും തീയതി, നിരക്ക് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. എത്ര പുസ്തകം പ്രിന്റ് ചെയ്തിട്ടുണ്ടെന്ന് ബില്ലിൽ നിന്ന് വ്യക്തമല്ല. പ്രിന്റ് ചെയ്ത പുസ്തകങ്ങൾ സ്റ്റോക്കിലെടുത്തതിന്റയോ വിതരണം ചെയതതിന്റെയോ രേഖകളില്ല. ഡോക്യുമെന്റേഷൻ നടത്തിയതിന്റെ ചെലവ് തുക 2018-19 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്.

പുസ്തക പ്രസാധനം, ഡോക്യുമെന്റേഷൻ എന്നിവ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടുന്നില്ല. കൂടാതെ പദ്ധതി മാർഗരേഖ, സബ്സിഡി മാർഗരേഖ എന്നിവയിൽ പറഞ്ഞിട്ടില്ലാത്ത പ്രൊജക്ടുകൾ പ്ലാൻ ഫണ്ടുപയോഗിച്ച് നിർവഹിക്കുന്നതിനു മുമ്പായി സർക്കാരിൽ നിന്ന് മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ മുൻകൂർ അനുമതി ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത പ്രവർത്തനങ്ങൾക്ക് തുക ചെലവഴിച്ചതിനും ഇൻവോയിസുകളിലെ അപാകതകൾക്കും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/14.5.2019) 8 ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ പോയി ചരിത്രപ്രസിദ്ധമായ ഫോട്ടോകൾ എടുക്കുന്നതിനും 1000 പുസ്തകം അടിക്കുന്നതിനുള്ള പേപ്പറിനും പുസ്തകത്തിന്റെ കവർ ഡിസൈനിംഗ് വർക്ക് ചെയ്യുന്നതിനും ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ മൈക്രോ പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുകയാണുണ്ടായതെന്നും പ്രിന്റ് ചെയ്ത പുസ്തകങ്ങൾ ലൈബ്രറികൾക്കും കലാ സാംസ്കാരിക പ്രമുഖൻമാർക്കും വിവിധ ജനപ്രതിനിധികൾക്കും വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിച്ചു. സ.ഉ (കൈ) നം.11/2018,തദ്ദേശസ്വഭവ പദ്ധതി നിർവ്വഹണ മാർഗരേഖ പ്രകാരം കലാ സാംസ്കാരികം ഉൾപ്പെട്ട പ്രൊജക്ടുകൾ ഏറ്റെടുക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി ഏറ്റെടുത്തതെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ ഈ മാർഗരേഖ പ്രകാരം സാസ്കാരിക നിലയങ്ങൾ, ലൈബ്രറികൾ, വിദ്യാലയങ്ങൾ എന്നിവ കേന്ദ്രീകരിച്ച് സാംസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കണമെന്നും ജനകീയ സമിതികളുടെയും സന്നദ്ധ സംഘടനകളുടെയും മറ്റും പ്രാദേശിക വിഭവങ്ങൾ സമാഹരിച്ചു വേണം ഈ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാൻ എന്നും സബ്സിഡി സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ പാലിച്ചു വേണം പദ്ധതിയിൽ നിന്ന് പ്രോൽസാഹനം നൽകേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാർഗരേഖയിൽ പറഞ്ഞിട്ടുള്ള പ്രവർത്തനങ്ങളല്ല ഈ പദ്ധതി പ്രകാരം നിർവഹിച്ചിട്ടുള്ളത്.

ചുമതലയിൽ ഉൾപ്പെടാത്ത പുസ്തകം പ്രിന്റിംഗ് പ്രിന്റിംഗ് പ്രവൃത്തി ചെയ്യുന്നതിനായി ചെലവഴിച്ച തുക 116890 രൂപ തടസപ്പെടുത്തുന്നു.

# 3-4 എംജി എൻആർ ഇ ജി എസിന്റെ അഡ്മിൻ ചെലവുകൾക്കായി നൽകിയ തുകകൾ റീക്കൂപ്പ് ചെയ്തിട്ടില്ല

താഴെപ്പറയുന്ന വൗച്ചറുകൾ പ്രകാരം ജനറൽ പർപ്പസ് ഗ്രാന്റിൽനിന്നും ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, എം ജി എൻ ആർ ഇ ജി എസിനു തുക നൽകിയിട്ടുണ്ട്. ഇത്തരത്തിൽ അഡ്വാൻസ് അനുവദിക്കുന്നത് രേഖപ്പെടുത്തുന്നതിന് അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

| വൗച്ചർ നം. | തുക |
|---|---|
| 51700218/30.8.17 | 131750 |
| 51700276/7.9.17 | 108168 |
| 51700316/31.10.17 | 141445 |

മേൽപ്പറഞ്ഞ തുകകൾ റീക്കൂപ്പ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/16.5.2019) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. തുക ക്രമീകരിച്ച് വിവരം

ലഭ്യമാക്കേണ്ടതാണ്.

# 3-5 ഭവന പദ്ധതികളുടെ വായ്പ-ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

2017-18 കാലയളവിൽ ബ്ലോക്ക് പഞ്ചായത്തിന് ഇ എം എസ് ഭവന പദ്ധതി, ഐ എ വൈ എന്നീ പദ്ധതികൾക്കായി രണ്ട് ലോണുകളുണ്ടെങ്കിലും ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ബാങ്ക് നൽകിയ ഡിമാന്റ് നോട്ടീസ് പ്രകാരം ഇ എം എസ് ഭവന പദ്ധതിക്കായുള്ള വായ്പയിൽ 11848354 രൂപ ഉണ്ടായിരുന്നതിൽ 3486660 രൂപ 2017-18 വർഷത്തിൽ തിരിച്ചടക്കുകയും 8361694 രൂപ തിരിച്ചടവാക്കുവാൻ അവശേഷിക്കുകയും ചെയ്യുന്നു. ഐ.എ.വൈ ഭവന വായ്പ 2017-18 വർഷത്തിൽ 760000 രൂപ മുതലും 25821 രൂപ പലിശയും ഒടുക്കി ലോൺ ക്ലോസ് ചെയ്തിട്ടുണ്ട്. ബാങ്ക് ലഭ്യമാക്കുന്ന ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് തുക തിരിച്ചടവ് നടത്തുന്നത്. എത്ര രൂപ ഒടുക്കുവാനുണ്ടെന്ന് വ്യക്തമാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ലോൺ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

# 3-6 ഡെപ്പോസിറ്റ് പ്രവർത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. കേരള ജല അതോറിറ്റിക്ക് തുക അനുവദിക്കുമ്പോൾ എഗ്രിമെന്റ് ചമച്ചിട്ടുണ്ടെങ്കിലും എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പ്രവർത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകിയതിന്റെയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 2017-18 വർഷത്തിൽ ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി തുക പിൻവലിച്ച് നൽകിയതിന്റെയും പ്രവൃത്തി നടത്തിയതിനുശേഷം ബാക്കി നിൽക്കുന്ന തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കേരള ജല അതോറിറ്റി | ചോലയിൽകുന്ന് പുലിഞ്ചോട് പൈപ്പ് ലൈൻ നീട്ടൽ (ജനറൽ) | 9/25.9.2017 | 500000 | - | 500000 |
| കേരള ജല അതോറിറ്റി | കുന്നംതുരുത്തി, കാരക്കാട് എന്നിവിടങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻനീട്ടൽ | 8/20.9.2017 | 500000 | - | 500000 |
| കേരള ജല അതോറിറ്റി | ഈശ്വരമണ്ണ് എസ് ടി കോളനി കുടിവെള്ള പദ്ധതി | 6/20.9.2017 | 488000 തനത് ഫണ്ട്-12000 | - | 488000 തനത് ഫണ്ട്-12000 |
| ഡയറക്ടർ, എം ജി എൻ ആർ ഇ ജി എസ് | അരിപ്പനഴി അങ്കണവാടി കെട്ടിടനിർമാണം-കാഞ്ഞിരപ്പുഴ | 37/8.2.18 | 500000 | - | 500000 |

| | | | | | |
|---|---|---|---|---|---|
| കേരള ജല അതോറിറ്റി | ചേലേങ്കര പച്ചക്കാട് കുടിവെള്ള പദ്ധതി പൈപ്പ്ലൈൻനീട്ടൽ | 7/20.9.2017 | 500000 | - | 500000 |
| കേരള ജല അതോറിറ്റി | തരിശ്ശിപ്പാടം കുടിവെള്ള പദ്ധതി-കാഞ്ഞിരപ്പുഴ | 42/28.2.2018 | 300000 | - | 300000 |
| തച്ചമ്പാറ, കരിമ്പ ഗ്രാമപഞ്ചായത്തുകൾ | കരിമ്പ,തെങ്കര, തച്ചമ്പാറ ഗ്രാമപഞ്ചായത്തുകൾക്ക് ഗ്യാസ് ക്രിമിറ്റോറിയം | 31/31.10.2017<br>32/11.1.18 | 1000000<br>1500000 | - | 1000000<br>1500000 |
| കേരള ജല അതോറിറ്റി | മൂതുവള്ളി കുടിവെള്ള പദ്ധതി | 43/28.2.2018 | 220000 | - | 220000 |
| തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത്, കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് | വിവിധ പഞ്ചായത്തുകൾക്ക് പെയിൻ ആന്റ് പാലിയേറ്റീവ് വിഹിതം നൽകൽ | 34/30.12.17<br>35/11.1.18 | 248800<br>325000 | - | 248800<br>325000 |

ഡെപ്പോസിറ്റ് പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതുമാണ്.

# 3-7 സീനിയർ വെറ്റിനറി സർജൻ നടപ്പാക്കിയ പദ്ധതികൾ-അപാകതകൾ

ബ്ലോക്ക് പഞ്ചായത്ത് സീനിയർ വെറ്റിനറി സർജൻ നടപ്പാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നമ്പർ-103/18

പേര്-ബ്രോയിലർ യൂണിറ്റ്(സംയുക്തം)

ട്രഷറി ബിൽ നമ്പർ-1/17-18 തി.11.01.2018

മേൽ പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും 150000 രൂപ പിൻവലിച്ച് സെക്രട്ടറി, തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിന് ബാങ്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല

2.പ്രോജക്ട് നമ്പർ-70/18

പേര്-മണ്ണാർക്കാട് മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

ട്രഷറി ബിൽ നമ്പർ-2/17-18 തി.11.01.2018

മേൽ പ്രോജക്ട് പ്രകാരം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 200,000 രൂപ ചെലവഴിച്ച് മരുന്നുകൾ വാങ്ങിയിട്ടുണ്ട്.പ്രസ്തുത മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം നടത്തിയതിന്റെയും രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 6/14.5.2019) നിർവഹണോദ്യഗസ്ഥൻ മറുപടി സമർപ്പിച്ചിട്ടില്ല.മേൽ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

# 3-8 ബിറ്റുമിൻ ബാരൽവില ഈടാക്കിയിട്ടില്ല

2017-18 ൽ പൂർത്തീകരിച്ചിട്ടുള്ള (സ്പിൽ ഓവർ & പുതിയവ) റോഡ് ടാറിംഗ് പ്രവൃത്തികളിൽ ക്രമനം (1)-ൽ

കരാറുകാരനും ക്രമ നം. (2)-ൽ അസി. എക്സി. എഞ്ചിനീയറുമാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (with packed bitumin rates) താഴെ പറയുന്ന റോഡ് മെയിന്റനൻസ് പ്രവൃത്തികളിൽ ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി/ | ബിൽ നം, തുക, അളവു പുസ്തകം | ആവശ്യമായ ബിറ്റുമിൻ (kg) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| | കരാറുകാരൻ -ശ്രീ. ഹസൻ.എം. | | | |
| 1 | 74/18- കാരക്കാട് എസ്.സി. കോളനി റോഡ് റീ ടാറിംഗ്, തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത് | 68/14.3.18-499646/-, 28/17-18 | VG-30-1907.92 RS1-206.50 | 11.79 1.03 |
| ആകെ | | | | 13 |
| | കരാറുകാരൻ - ശ്രീ.അബ്ദുൾ ഹമീദ്.എം. | | | |
| 1 | 149/18- മുറിയംകണ്ണി -കൈരളി റോഡ് റീടാറിംഗ് -അലനല്ലൂർ ഗ്രാമപഞ്ചായത്ത് - പ്രവൃത്തിക്കാവശ്യമായ ടാർ അസി.എക്സി.എഞ്ചിനീയർ വാങ്ങി നൽകുക യാണ് ചെയ്തിട്ടുള്ളത്. ബാരൽ വില കണക്കാക്കി യിട്ടുണ്ടെങ്കിലും ഫൈനൽ ബിൽ നൽകുമ്പോൾ തുക കുറവു ചെയ്തിട്ടില്ല. | 60/28.2.18-208450, 3/30.6.17-374217 56/17-18 | VG-30-1453.54 RS1-166.65 | 9 0.80 |
| ആകെ | | | | 10 |

ബാരലിന്റെ വില @ 238/-

- ശ്രീ.ഹസൻ.എം. - 238 x 13 = ₹.3094
- ശ്രീ.അബ്ദുൾ ഹമീദ്.എം. -238 x 10 = ₹.2380

ആകെ ഈടാക്കേണ്ടത് =₹.5474/-

₹.5474/- കരാറുകാരിൽ നിന്നും ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലൊടുക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.16/15.5.19 ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.

# 3-9 എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെ പ്രവൃത്തി നടപ്പിലാക്കി

പ്രൊജക്റ്റ് നം. 28/18 -തലമ്പ്രവട്ട കോളനി കുടിവെള്ള പദ്ധതി

ചെലവ് - ₹. 465168/- (ബിൽനം.95/31.3.18)

നിർവഹണ ഉദ്യോഗസ്ഥൻ - അസി. എക്സി. എഞ്ചിനീയർ

തലമ്പ്രവട്ട കോളനി കുടിവെള്ള പദ്ധതി എന്ന പ്രവൃത്തിയിൽ 150mm dia ബോർവെൽ കുഴിക്കുന്നതിനും കരിങ്കല്ല് ഉപയോഗിച്ച് ടാങ്ക് വയ്ക്കുന്നതിനും പ്ലാറ്റ്ഫോം കെട്ടുന്നതിനും 5000 ലി. പിവിസി വാട്ടർ ടാങ്ക് മോട്ടോർ ഷെഡ്, വെള്ളം സപ്ലൈ ചെയ്യുന്നതിന് പിവിസി പൈപ്പ് എന്നീ ഇനങ്ങൾ ഉൾപ്പെടുത്തി ₹500000/- രൂപയ്ക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ ഫൈനൽ ബിൽ നൽകുമ്പോൾ ₹42280/- കെ.എസ്.ഇ.ബി. ചാർജ് ഉൾപ്പെടുത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടില്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/14.5.2019ന് " KSEBയിൽ അടയ്ക്കാനുള്ള തുക വകയിരുത്താതിരുന്നത് അബദ്ധം പറ്റിയതാവാം എന്നും പദ്ധതി നടപ്പിലാക്കിയത് മാർച്ച് 2018 അവസാനത്തോടു കൂടിയാണ് ആയതിന്റെ തിരക്ക് കാരണവും KSEBയിലേക്ക് അടയ്ക്കാനുള്ള തുകയായതു കൊണ്ടു കൂടിയാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതിരുന്നത് " എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതികൾ നടപ്പിലാക്കുമ്പോൾ നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-10 പൊളിച്ചു മാറ്റിയ സാധനങ്ങൾ ലേലം ചെയ്യേണ്ടതാണ്

പ്രൊജക്റ്റ് നം. S0053/17 - ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ്

അടങ്കൽ -₹1100000/- [മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്)]

ചെലവ്- ബിൽ നം - 30/6.1.18 - ₹370918/-

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ് എന്ന പ്രവൃത്തിയിൽ ഓഫീസ് കെട്ടിടത്തിന്റെ നിലവിലുള്ള വാതിൽ, ജനൽ, ചുമർ എന്നിവ പൊളിച്ചു മാറ്റി മുറിയുടെ വലിപ്പം കൂട്ടുകയും ഓഫീസിന്റെ മുൻവശത്തുള്ള കൊളാപ്സിബിൾ ഷട്ടർ മാറ്റി ഗ്രിൽ, ഡോർ എന്നിവ സ്ഥാപിക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഈ പ്രവൃത്തിയിൽ ഇനം (1),(2),(3) എന്നിവ പ്രകാരം പൊളിച്ചു മാറ്റിയ Serviceable materials ഉപയോഗയോഗ്യമായവ സ്റ്റോക്കു ചെയ്യുന്നതിനും അല്ലാത്തവ നീക്കം ചെയ്യുന്നതിനുമാണ് തുക നൽകിയിരിക്കുന്നത്. പൊളിച്ചുമാറ്റിയവയിൽ ഉപയോഗയോഗ്യമായതിന്റെയും അല്ലാത്തതിന്റെയും വിവരം അളവുപുസ്തകത്തിൽ ചേർത്ത് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സ്റ്റോക്കു ചെയ്ത ഉപയോഗയോഗ്യമായ ഇനങ്ങൾ ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഭാവിയിൽ ഉപയോഗയോഗ്യമായതിന്റെയും അല്ലാത്തതിന്റെയും വിവരം അളവു പുസ്തകത്തിൽ ചേർത്ത് സാക്ഷ്യപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/14.5.2019ന് പൊളിച്ചു മാറ്റിയ സാധനങ്ങൾ ലേലം നടത്തുന്നതിനു വേണ്ടി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലേക്ക് കൈമാറിയിട്ടുണ്ട് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

# 3-11 ഡെപ്പോസിറ്റ് പ്രവൃത്തികൾ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

താഴെ പറയുന്ന ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ **(Utilisation Certificate)** ഹാജരാക്കിയില്ല.

നിർവഹണ ഉദ്യോഗസ്ഥൻ -അസി. എക്സി. എഞ്ചിനീയർ

| ക്രമ നം. | പ്രോജക്റ്റ് നമ്പരും, പേരും | അടങ്കൽ | ചെലവ് | ബിൽ നം./ തിയതി | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 169/18- മുണ്ടക്കുന്ന് ലക്ഷം വീട് കോളനി പൈപ്പ് ലൈൻ നീട്ടൽ | 200000 | 200000 | 14/22.7.17 | എക്സി.എഞ്ചിനീയർ, കെ.ഡബ്ലിയു.എ., പി.എച്ച്.ഡിവിഷൻ, ഷൊർണ്ണൂർ |
| 2 | 157/18- പള്ളിപ്പടി കാനിവായി DWSS | 236430 | 236430 | 13/22.7.17 | എക്സി.എഞ്ചിനീയർ, കെ.ഡബ്ലിയു.എ., പി.എച്ച്.ഡിവിഷൻ, ഷൊർണ്ണൂർ |
| | 166/18- | 240000 | 240000 | 15/22.7.17 | എക്സി.എഞ്ചിനീയർ, |

| | | | | | |
|---|---|---|---|---|---|
| | കല്ലാംകുഴി കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ നീട്ടൽ പൂർത്തീകരണം | | | | കെ.ഡബ്ല്യു.എ., പി.എച്ച്.ഡിവിഷൻ, ഷൊർണ്ണൂർ |

ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

# 3-12 പദ്ധതി പൂർത്തീകരണം അനിശ്ചിതമായി നീളുന്നത്- മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്

പ്രൊജക്റ്റ് നം. S0174/18 -കർക്കിടാംകുന്ന് കുടിവെള്ള പദ്ധതി

അടങ്കൽ - 315000/- (പ്ലാൻ-ജനറൽ)

35000/- (ഗുണ. വിഹിതം)

ചെലവ് -₹.203540 (16-17)

₹.62212/- (ബിൽ നം. 17/8.817)

പ്രൊജക്റ്റ് നം. 36/14 ആയി 4.3.14 ന് എഗ്രിമെന്റ് വെച്ച പ്രവൃത്തിയാണ് ഇത്. അലനല്ലൂർ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ഗുണഭോക്തൃ പട്ടിക പ്രകാരമുള്ള 38 വീടുകൾക്ക് കുടിവെള്ളം എത്തിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കുന്ന പ്രസ്തുത പ്രവൃത്തിയിൽ 1.3.14ന് ഗുണഭോക്താക്കളുടെ യോഗം ചേർന്ന് ശ്രീ.അബ്ദുൾ ഖാദർ, കോരംഞ്ചാടി കൺവീനറായും ശ്രീ. സാദിഖ്, കുന്നകത്ത് ചെയർമാനായും ഗുണഭോക്തൃ സമിതി രൂപീകരിച്ച് എഗ്രിമെന്റ് നം. 50/4.3.14 ആയി എഗ്രിമെന്റ് വെച്ചിട്ടുണ്ട്. 5.8.16ലെ മിനട്സ് തീരുമാന പ്രകാരം ഏകദേശം രണ്ടര വർഷം മുമ്പ് എഗ്രിമെന്റ് വെച്ച കമ്മിറ്റിക്ക് ഒന്നും ചെയ്യാൻ സാധിക്കാത്തതിനാൽ കമ്മിറ്റിയെ പിരിച്ചു വിടാൻ ഏകകണ്ഠമായി തീരുമാനിച്ചു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. 24.10.16ലെ ഭരണ സമിതി തീരുമാനം 3(3) പ്രകാരം കുടിവെള്ള പദ്ധതിയുടെ പണി പൂർത്തിയാകാത്ത സാഹചര്യത്തിലും കുടിവെള്ള ക്ഷാമം പ്രസ്തുത പ്രദേശത്ത് രൂക്ഷമായ സാഹചര്യത്തിലും പുതിയ കമ്മിറ്റിയെ അംഗീകരിക്കുന്നതിന് തീരുമാനിക്കുകയും പ്രസ്തുത കമ്മിറ്റി 24.10.16ന് ശ്രീ.രാധാകൃഷ്ണൻ കൺവീനറായി എഗ്രിമെന്റ് വെയ്ക്കുകയും 1.4.17ന് പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്തൃ സമിതി എഗ്രിമെന്റ് വെച്ച് ഏറ്റെടുത്ത പ്രവൃത്തി നടപ്പിലാക്കാതിരിക്കുകയും കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശത്ത് പ്രവൃത്തി പൂർത്തീകരിക്കാൻ സമയ ബന്ധിതമായി തുടർ നടപടി സ്വീകരിക്കാതിരിക്കുകയും ചെയ്ത നടപടി അഭികാമ്യമല്ല. കൂടാതെ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ്, വികസന സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ പരിശോധിച്ചതിൽ മേൽ വിഷയം സംബന്ധിച്ച് ചർച്ച ചെയ്തതായി കാണുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.11/14.5.19ന് "ടി പ്രവൃത്തിയുടെ ഗുണഭോക്തൃ സമിതി കൺവീനറോടും ചെയർമാനോടും നിരവധി തവണ നേരിട്ടും, ഫോണിലും ബന്ധപ്പെട്ട് കുടിവെള്ള പദ്ധതി പൂർത്തീകരിക്കാൻ ആവശ്യപ്പെട്ടിരുന്നു. പ്രവൃത്തി നടപ്പിലാക്കാതിരുന്നപ്പോൾ ബ്ലോക്ക് ഡിവിഷൻ മെമ്പറോടും ഭരണ സമിതിയിലും ഇക്കാര്യം ഉന്നയിക്കുകയുണ്ടായി.. അതിനു ശേഷമാണ് ടി ഗുണഭോക്തൃ സമിതി പിരിച്ചു വിട്ട് പുതിയ സമിതി രൂപീകരിച്ച് പദ്ധതി നടപ്പിലാക്കിയത്" എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്ന പദ്ധതി മാർഗ്ഗരേഖയിലെ നിബന്ധന പാലിച്ചിട്ടില്ല.

സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുന്നതിന് മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുന്നതിലേക്ക് സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

# 3-13 ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത പ്രവൃത്തികൾ നടപ്പിലാക്കിയിരിക്കുന്നു

1. പ്രൊജക്ട് നം. 136/18 – ഉപ്പനാട് കുളിക്കടവ് നിർമ്മാണം (കരിമ്പ ഗ്രാമപഞ്ചായത്ത്) എന്ന പ്രവൃത്തിക്കായി ₹.500000/- വകയിരുത്തി നടപ്പിലാക്കിയിരിക്കുന്നു (ബിൽ നം. 83/30.3.18-₹354740). 6.1.17ന് എഗ്രിമെന്റ് വെച്ച പ്രവൃത്തിയിൽ 18.5.17നാണ് അസി. എക്സി. എഞ്ചിനീയർ ഉപ്പനാട് പുഴയിൽ കുളിക്കടവ് നിർമ്മിക്കുന്നതിനുള്ള അനുമതി നൽകുന്നതിനുള്ള അനന്തര നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടു കരിമ്പ ഗ്രാമപഞ്ചായത്തു പ്രസിഡന്റിനു കത്തു നൽകിയിട്ടുള്ളത്.

2. പ്രൊജക്ട് നം. 160/18 കാഞ്ഞിരപ്പുഴ അയ്യപ്പക്ഷേത്രം കുളിക്കടവ് നിർമ്മാണം എന്ന പ്രവൃത്തി ₹500000/- വകയിരുത്തി നടപ്പിലാക്കിയിട്ടുണ്ട് (ബിൽ നം. 99/31.3.18 -₹460723). 30.3.17ന് എഗ്രിമെന്റ് വെച്ച പ്രവൃത്തിയിൽ 4.4.17ന് അസി. എക്സി. എഞ്ചിനീയർ എൻ.ഒ.സി. നൽകണമെന്നാവശ്യപ്പെട്ട് എക്സി. എഞ്ചിനീയർ, KPIP ഡിവിഷൻ നം. 1ന് കത്ത് നൽകിയിട്ടുണ്ട്. 5.6.17ന് പ്രവൃത്തി എറ്റെടുത്ത കരാറുകാരൻ "KPIP ഓഫീസിൽ പല പ്രാവശ്യം ബന്ധപ്പെട്ടിട്ടും എൻ.ഒ.സി. തന്നിട്ടില്ല എന്നും വേനൽക്കാലം കഴിഞ്ഞ് മഴക്കാലം ആയാൽ പ്രവൃത്തി നടത്താൻ ബുദ്ധിമുട്ടാണെന്നും നേരത്തെ എൻ.ഒ.സി. കിട്ടിയിരുന്നെങ്കിൽ പ്രവൃത്തി പൂർത്തീകരിക്കാമായിരുന്നു എന്നും രേഖകൾ ശരിയാക്കിത്തരാത്ത പക്ഷം സെക്യൂരിറ്റി തുക തിരികെ നൽകി പണിയിൽ നിന്നും ഒഴിവാക്കേണ്ടതും സാമ്പത്തിക നഷ്ടത്തിന് ഈ ഓഫീസ് ഉത്തരവാദിയായിരിക്കും" എന്നറിയിച്ചിട്ടുണ്ട്. പ്രവൃത്തി ടെണ്ടർ വിളിക്കുന്നതിനു മുൻപു തന്നെ ബന്ധപ്പെട്ട അധികാര സ്ഥാപനങ്ങളിൽ നിന്നും അനുമതി ലഭ്യമാക്കേണ്ടതായിരുന്നു. കൂടാതെ കരാറുകാരനാണ് അനുമതിക്കു വേണ്ടി KPIP ഓഫീസിലേക്ക് അപേക്ഷിച്ചിട്ടുള്ളത്.

1994ലെ കേ.പ.രാജ് നിയമം 3-ാം പട്ടിക പ്രകാരം കുളിക്കടവുകൾ നിർമ്മിക്കുകയെന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ ഉൾപ്പെടുന്ന കാര്യമാണ്. അതിനാൽ മേൽ പ്രവൃത്തികൾ ചെയ്തത് അഭികാമ്യമല്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നം.11/14.5.19ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടുന്ന പദ്ധതികൾ മാത്രം ഏറ്റെടുത്തു നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-14 എൽ.എസ്.ജി.ഡി. ഓഫീസിനാവശ്യമായ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, ഫർണിച്ചർ വാങ്ങൽ -വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല

പ്രൊജക്ട് നം. 181/18

അടങ്കൽ - ₹. 300000 (മെയി. ഗ്രാന്റ് (നോൺ റോഡ്)

ചെലവ് - ₹.186500 ബിൽ നമ്പർ 38/17-18 തീയതി 10-1-18

എൽ.എസ്.ജി.ഡി. ഓഫീസിനാവശ്യമായ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, ഫർണിച്ചർ വാങ്ങൽ എന്ന പദ്ധതി പ്രകാരം ₹186500/- യ്ക്ക് 2 കമ്പ്യൂട്ടറുകളും 2 പ്രിന്ററുകളും വാങ്ങിയിട്ടുണ്ട്.

പ്രൊക്യൂർമെന്റ് മാർഗരേഖ സ.ഉ. (പി) നം. 259/2010/ത.സ്വ.ഭ.വ തീ 08.11.2010പ്രകാരം 100000 രൂപയിൽ കൂടുതലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ ആണ് അവലംബിക്കേണ്ടത്. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചാണ് വാങ്ങലുകൾ നടത്തിയിട്ടുള്ളത്. കൂടാതെ വാങ്ങലുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചതായി കാണുന്നില്ല. പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

ടെണ്ടർ നടപടിക്രമങ്ങളിൽ ഉണ്ടായ പാളിച്ചകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം. 16/15.5.2019 നൽകിയെങ്കിലും വ്യക്തമായ മറുപടി ലഭിച്ചില്ല. സ.ഉ.(പി) 259/2010/

ത.സ്വ.ഭ.വ തിയതി 8-11-2010 പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ വാങ്ങലുകളിൽ കർശനമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-15 കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ (പി) നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം<br>പി.എ.സി | ടെണ്ടർ അംഗീകരിച്ചത് | എഗ്രിമെന്റ് തീയതി/ കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|
| 1 | മണ്ണാർക്കാട് ബ്ലോക്ക് ഓഫീസ് കോമ്പൗണ്ട് നവീകരണം<br>₹239278 | 27.9.17 | 38/26.10.17<br>ശ്രീ.മനാഫ്.വി. | 2393 |
| 2 | കളത്തിൽതൊടി എസ്.സി. കോളനി റോഡ്, കോട്ടോപ്പാടം<br>₹422365.05 | 27.9.17 | 41/13.11.17<br>ശ്രീ.ബഷീർ.കെ | 4224 |
| 3 | മൈലംകോട് കുറ്റിക്കാട്ടിൽ എസ്.സി. കോളനി റോഡ്<br>₹381565 | 5.12.16 | 34/6.1.17<br>ശ്രീ.സുലൈമാൻ.എം.കെ. | 3816 |
| 4 | മുതുവല്ലി ഉച്ചിമഹാകാളി ക്ഷേത്രം റോഡ് പൂർത്തീകരണം<br>₹199469 | 11.1.17 | 55/2.3.17<br>ശ്രീ.പി.അനിൽ | 1995 |
| 5 | കുണ്ടുകണ്ടം എസ്.സി. കോളനി റോഡ്, കോട്ടോപ്പാടം<br>₹361180.41 | 27.9.17 | 42/13.11.17<br>ശ്രീ.ബഷീർ.കെ | 3612 |
| 6 | വെള്ളപ്പാടം എസ്.സി. | 9.11.17 | 65/9.1.18 | 3888 |

| | | | | |
|---|---|---|---|---|
| | കോളനി റോഡ്, കുമരംപുത്തൂർ<br>₹388801.55 | | ശ്രീ.മുഹമ്മദ് അഷറഫ് | |
| 7 | അലനല്ലൂർ സി.എച്ച്.സി.- വിവിധ മെയിന്റനൻസ് പ്രവൃത്തികൾ<br>₹2017993.18 | 11.1.17 | 50/16.2.17<br>ശ്രീ.ഹുസൈൻ.പി. | 2018 |
| 8 | തോട്ടപ്പാടത്തേക്ക് ജലസേചന പൈപ്പ് ലൈൻ നീട്ടൽ<br>₹731458/- | 11.1.17 | 51/16.2.17<br>ശ്രീ.നിഷാദ്.എം.എസ്. | 7314 |
| 9 | പട്ടംതൊടിക്കുന്ന് പൊതുവപ്പാടം കോളനി റോഡ്<br>₹415120.09 | 27.9.17 | 55/14.2.18<br>ശ്രീ.ബഷീർ.കെ | 4151 |
| 10 | ബ്ലോക്ക് ഓഫീസ് പുതിയ കെട്ടിടം വൈദ്യുതീകരണം<br>₹538162.9 | 29.12.16 | 67/8.3.17<br>ശ്രീ.സ്മിതേഷ്.ഒ.ജെ | 5382 |
| 11 | തോട്ടപുറംകുന്ന് കുണ്ട്കണ്ടം കോളനി റോഡ്<br>₹446699.44 | 11.1.17 | 54/20.2.17<br>ശ്രീ.അബ്ദുൾ നാസർ.എം. | 4467 |
| 12 | കളത്തിൽത്തൊടി എസ്.സി. കോളനി റോഡ്, കോട്ടോപ്പാടം<br>₹422365.05 | 27.9.17 | 41/13.11.17<br>കെ.ബഷീർ | 4224 |
| 13 | ഇഞ്ചൻകവല കുടിവെള്ള പദ്ധതി<br>₹.916593.55 | 9.11.17 | 67/19.1.18<br>ശ്രീ.അഷറഫലി.കെ | 9166 |
| | | | ആകെ | 56650 |

ഈടാക്കുവാൻ വിട്ടുപോയ ആകെ പിഴ ₹56650/- കരാറുകാരിൽ നിന്നും ഈടാക്കി ബ്ലോക്ക്പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.16/15.5.19 ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. നടപടിക്രമങ്ങൾ സമയപരിധിക്കകം പൂർത്തീകരിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-16 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പക്കലുള്ള ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റേണ്ടതാണ്

ടെണ്ടർ ഫോം വില ഇനത്തിൽ 13.3.2019 വരെ ലഭ്യമായ ₹173751/- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ (SBI, മണ്ണാർക്കാട് A/c. No. 37354658168) സൂക്ഷിച്ചിരിക്കുന്നു. തുകകൾ ബ്ലോക്ക് പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-17 പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകൾ, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്/ വകയിരുത്തിയത് | നടപ്പാക്കിയത് / ചെലവഴിച്ചത് | നടപ്പാക്കിയതിന്റെ ശതമാനം |
|---|---|---|
| 134 | 92 | 68.66% |
| 67272870 | 35406480 | 52.63% |

അംഗീകാരം കിട്ടിയ പ്രൊജക്ടുകളിൽ 68.66% പ്രൊജക്ടുകൾക്ക് തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്. വകയിരുത്തിയ തുകയുടെ 52.63% തുകയെ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ.

വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവു ശതമാനം |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം - സാധാരണ വിഹിതം) | 48153719 | 26108962 | 54.22% |
| വികസന ഫണ്ട് (എസ്.സി.പി) | 9475882 | 4790019 | 50.55% |
| വികസന ഫണ്ട് (ടി.എസ്.പി) | 1819000 | 874619 | 48.08 |
| വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) | 0 | 0 | 0.00% |
| വികസന ഫണ്ട് (ലോക ബാങ്ക് സഹായം) | 0 | 0 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 0 | 0 | 0% |
| തനതു ഫണ്ട് | 531213 | 197793 | 37.23% |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | | | |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 7293056 | 3435087 | 47.10% |
| മറ്റുള്ളവ | 0 | 0 | |
| ആകെ | 67272870 | 35406480 | 52.63% |

- ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണെന്ന് പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ജി.ഒ. (എം.എസ്.) 72/2017ത.സ്വ.ഭ.വ. തിയതി, 29.3.2017ൽ നിഷ്കർഷിക്കുന്നുണ്ട്. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് ഫണ്ട് വാർഡ് തലത്തിൽ വിഭജിക്കുന്നതിനും പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിനും ഇടയാക്കുന്നു.

- തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

- മരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ സൂക്ഷിപ്പിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- പുതുക്കിയ പൊതുമരാമത്ത് മാന്വലിനനുസരിച്ച് എഗ്രിമെന്റ് വ്യവസ്ഥകൾ കാലികമാക്കിയിട്ടില്ല. കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി പുതുക്കിയ പൊതുമരാമത്ത് മാന്വലിലെ നിബന്ധനകൾ ഉൾപ്പെടുത്തേണ്ടതാണ്.
- റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കേണ്ടതാണ്.
- ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 3-18 വാർഷിക ആവശ്യം മുൻനിർത്തിവാങ്ങലുകൾ നടത്തേണ്ടതാണ്

സ.ഉ (എം.എസ്) നം. 80/2017/ത.സ്വ.ഭ.വ തീ 03.04.2017 പ്രകാരം പുറപ്പെടുവിച്ച 2017-18 വർഷത്തെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങൾക്ക് സ.ഉ.(പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാർഗരേഖയിൽ വാങ്ങലിന്റെ ആവശ്യം തിരിച്ചറിഞ്ഞ് സ്പെസിഫിക്കേഷൻ തയ്യാറാക്കേണ്ടതും ആയത് പ്രകാരം വാങ്ങൽ പദ്ധതി അന്തിമമാക്കുകയും ചെയ്യേണ്ടതിന്റെ പ്രധാന ചുമതല പ്രൊക്യൂർമെന്റ് ടീമിനാണ്. പ്രൊക്യൂർമെന്റ് മാർഗരേഖയിലെ സമാഹരണ പദ്ധതികൾ എന്ന ഖണ്ഡികയിൽ (ഖണ്ഡിക സി.4))ഓഫീസ് ഉപകരണം, ഫർണീച്ചർ എന്നിവ വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രൊക്യൂർമെന്റ് മാർഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 2017-18 വർഷത്തിൽ വിവിധ പ്രോജക്ടുകളിലായി വിവിധ നിർവഹണ ഉദ്യോഗസ്ഥർ കംപ്യൂട്ടർ,കംപ്യൂട്ടർ അനുബന്ധ ഉപകരങ്ങൾ,ഫർണിച്ചറുകൾ എന്നിവ വിവിധ ടെണ്ടറുകളിലായി വാങ്ങിയിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | ഇനം | ചെലവ് തുക | വാങ്ങിയ സ്ഥാപനം |
|---|---|---|---|---|
| 182/18 | എസ്.സി.ഡി.ഒ | കംപ്യൂട്ടർ, കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ഫർണിച്ചർ | 189470 | തിംസ് കംപ്യൂട്ടേഴ്സ് കൊല്ലങ്കോട് |
| 81/18 | സി.ഡി.പി.ഒ | കംപ്യൂട്ടർ, കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ | 198000 | ഐ.ടി.വിഷൻ കൊല്ലങ്കോട് |
| 89/18 | സെക്രട്ടറി | കംപ്യൂട്ടർ,കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ | 124200 | PAK കല്ലടിക്കോട് |
| 181/18 | എ.എക്സ്.ഇ | കംപ്യൂട്ടർ,കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ | 186500 | sys കെയർ , പാറശ്ശേരി |

വാർഷിക ആവശ്യം കണക്കാക്കാതെ ഇത്തരത്തിൽ വ്യത്യസ്ത ടെണ്ടറുകൾ വഴി വാങ്ങൽ നടത്തുമ്പോൾ വാർഷിക ആവശ്യം കണക്കാക്കി മൊത്തമായി വാങ്ങൽ നടത്തുമ്പോൾ ലഭ്യമാകുമായിരുന്ന വിലയിലെ കുറവ് നഷ്ടപ്പെടുത്തുന്നുണ്ട്. ഇങ്ങനെ പൊതുപണത്തിന് നഷ്ടം സംഭവിക്കാനുള്ള സാധ്യതയും കൂടുതലാണ്.

വിഷയത്തിൽ വിശദീകണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/15.5.2019) മേലിൽ ഇത്തരത്തിൽ സാധനങ്ങൾ വാങ്ങുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

# 3-19 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്‌ക്കോളർഷിപ്പ്-ബ്ലോക്ക് വിഹിതം നൽകിയതിന് വിനിയോഗ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കിയിട്ടില്ല

പ്രോജക്റ്റ് നമ്പർ-79/18

പേര്-ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-ബ്ലോക്ക് വിഹിതം

അടങ്കൽ-3190000

ചെലവ്-1300000

ഫണ്ട്-വികസനഫണ്ട്-ജനറൽ

സി.ഡി.പി.ഒ നടപ്പാക്കിയ മേൽ പ്രോജക്റ്റിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള തച്ചമ്പാറ, അലനല്ലൂർ, കമരംപുത്തൂർ, കരിമ്പ, തച്ചനാട്ടുകര, കാഞ്ഞിരപ്പുഴ ഗ്രാമ പഞ്ചായത്തുകൾക്ക് ചുവടെ ചേർക്കുന്ന പ്രകാരം വിഹിതം നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഗ്രാമപഞ്ചാത്ത് | വിഹിതം |
|---|---|---|
| 1 | തച്ചമ്പാറ | 250000 |
| 2 | അലനല്ലൂർ | 320000 |
| 3 | അലനല്ലൂർ | 258952 |
| 4 | കരിമ്പ | 112500 |
| 5 | തച്ചനാട്ടുകര | 108548 |
| 6 | കാഞ്ഞിരപ്പുഴ | 250000 |
| | ആകെ | 1300000 |

എന്നാൽ തച്ചനാട്ടുകര ഗ്രാമ പഞ്ചായത്തിൽ നിന്നൊഴികെ മറ്റ് ഗ്രാമപഞ്ചായത്തുകളിൽ നിന്നുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 8/14.5.19) ബാക്കിയുള്ള ഗ്രാമപഞ്ചാത്തുകളിൽ നിന്നും ധനവിനിയോഗ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് സി.ഡി.പി.ഒ മറുപടി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചാത്തുകളിൽ നിന്നും തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 3-20 കംപ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ -SCDOസ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

പ്രോജക്റ്റ് നമ്പർ-182/18

പേര്-പട്ടികജാതി വികസന ഓഫീസിനാവശ്യമായ കംപ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, ഫർണിച്ചർ വാങ്ങൽ

ട്രഷറി ബിൽ നമ്പർ-1/17-18 തി.27.2.2018

അടങ്കൽ-200000

ചെലവ്-189470

മേൽ പ്രോജക്റ്റിൽ ഉൾപ്പെടുത്തി പട്ടികജാതി വികസന ഓഫീസിനാവശ്യമായ കംപ്യൂട്ടർ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, സ്കാനർ, വെയിംഗ് മെഷീൻ, ഫർണിച്ചർ എന്നിവയുടെ വാങ്ങൽ നടത്തിയിട്ടുണ്ട്. എന്നാൽ ഇവ സ്റ്റോക്കിലെടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല.ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/15.5.2019) ഓഫീസിലെ ക്ലാർക്ക് ലീവിലായതിനാൽ സ്റ്റോക്ക് രജിസ്റ്റർ കണ്ടെത്താൻ കഴിഞ്ഞില്ല എന്നും കണ്ടെത്തി പരിശോധനക്ക് ഹാജരാക്കുന്നതാണ് എന്നാണ് നിർവഹണോദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചിട്ടുള്ളത്.

# 3-21 പകൽവീട് പ്രവർത്തന സജ്ജമാക്കൽ തുക ചെലവഴിച്ചത് പാഴ് ചെലവാകാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രോജക്ട് നമ്പർ-187/18, പകൽ വീട് പ്രവർത്തന സജ്ജമാക്കൽ

അടങ്കൽ-6 ലക്ഷം രൂപ

ചെലവ്-596002രൂപ

ഫണ്ട്-വികസന ഫണ്ട് (ജനറൽ)

നിർവഹണോദ്യഗസ്ഥൻ- സി.ഡി.പി.ഒ

മേൽ പ്രോജക്ട് പ്രകാരം വയോജനങ്ങൾക്കുള്ള പകൽ വീടിനായി 419300 ചെലവഴിച്ച് PAK കല്ലടിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ അംഗീകരിച്ച് എൽ.ഇ.ഡി ടെലിവിഷൻ, ഫ്രിഡ്ജ്, മിക്സി, ഗ്രൈൻഡർ, മറ്റ് സാധനങ്ങൾ എന്നിവയും വാങ്ങിയിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന ബുക്ക് മാർട്ടിൽ നിന്നും 5000 രൂപ ചെലവഴിച്ച് പുസ്തകങ്ങളും 171702 രൂപ ചെലവഴിച്ച് റബ്കോ-യിൽ നിന്ന് കട്ടിലുകൾ, കസേരകൾ എന്നിവയും വാങ്ങിയിട്ടുണ്ട്. പ്രസ്തുത സാധനങ്ങൾ സി.ഡി.പി.ഒ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും പകൽ വീട് പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പകൽ വീട് ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് ഭണസമിതി തീരുമാനമെടുക്കുകയും 5.11.2018 ന് കൈമാറ്റചടങ്ങ് സംഘടിപ്പിക്കുകയും ചെയ്തു എന്നാണ് മറുപടി നൽകിയിട്ടുള്ളത്. തുടർന്ന് പകൽവീടിനായി വാങ്ങിയ സാധന സാമഗ്രികൾ കരിമ്പ ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് 7.11.2018 ന് ഭരണസമിതി തീരുമാനമെടുത്തു. സാധനസാമഗ്രികൾ കൈമാറുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും പകൽ വീട് പ്രവർത്തനം സംബന്ധിച്ച് നിലവിൽ ഗ്രാമപഞ്ചായത്താണ് തീരുമാനം കൈകൊള്ളേണ്ടതെന്നുമാണ് സി.ഡി.പി.ഒ മറുപടി നൽകിയിട്ടുള്ളത്.

പദ്ധതി നടത്തിപ്പിൽ കൃത്യമായ ആസൂത്രണത്തിന്റെയും മോണിട്ടറിംഗിന്റെയും അഭാവമാണ് ഇത്രയും തുക ചെലവഴിച്ച് വാങ്ങിയ സാധനസാമഗ്രികൾ യഥാ സമയം ഉപയോഗപ്രദമാക്കാൻ കഴിയാതെ വന്നത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇനിയും കാലതാമസം വരുത്തിയാൽ മേൽ സൂചിപ്പിച്ച ഇലക്ട്രോണിക്സ് സാധനങ്ങൾ അടക്കമുള്ളവ പ്രവർത്തന രഹിതമാകാൻ സാധ്യത ഉണ്ട്.ആയതിനാൽ പൊതുഫണ്ട് ചെലവഴിച്ചത് പാഴ്ചെലവാകാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രൊജക്ടുകൾക്ക് ലഭിക്കുന്ന ഫണ്ടുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രത്യേകം

അപ്രോപ്രിയേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വേർതിരിച്ചുള്ള കണക്ക് ലഭ്യമല്ല. ലഭിക്കുന്നതും ചെലവഴിക്കുന്നതുമായ തുകകളുടെ വിവരം സാംഖ്യയിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ബാലൻസ് ഷീറ്റിൽ വിവിധ ഹെഡുകളിലായി 99064724രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്ക് അക്കൗണ്ടിൽ 35421080 രൂപ മാത്രമാണുള്ളത്. ധനകാര്യവകുപ്പിന്റെ 23.1.2017 ലെ ജി.ഒ(പി)7/2017 ഉത്തരവ് പ്രകാരം സംയുക്ത പ്രൊജക്ടുകൾക്കായി ലഭ്യമാകുന്ന തുകകൾ ട്രഷറിയിൽ സ്പെഷ്യൽ ടി എസ് ബി അക്കൗണ്ട് തുടങ്ങി അതിൽ നിക്ഷേപിക്കേണ്ടതും ഫെബ്രുവരി 28 നകം തുക ചെലവഴിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ചെലവഴിക്കാൻ കഴിയാത്ത തുക മാർച്ച് മാസത്തിൽതന്നെ തിരിച്ചടക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിൽ 2017-18 വർഷത്തിൽ സംയുക്ത പദ്ധതികൾക്കായി ടി എസ് ബി അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും ആയതിൽ തുക നിക്ഷേപിക്കുന്നതിനുപകരം ബാങ്കിലുള്ള ഐ എ വൈ പ്ലാൻ അക്കൗണ്ടിലാണ് തുക നിക്ഷേപിച്ചിട്ടുള്ളത്. 2017-18 വർഷത്തിൽ ലഭ്യമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 16000000 | പി.എം.എ.വൈ | 14500000 | 1500000 |
| കാഞ്ഞിരപ്പുഴ ഗ്രാമപഞ്ചായത്ത് | 2017-18 | 440000 | പി.എം.എ.വൈ | - | 440000 |
| കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് | 2017-18 | 440000 | പി.എം.എ.വൈ | - | 440000 |
| തച്ചനാട്ടുകര | 2017-18 | 52500 | പി.എം.എ.വൈ | - | 52500 |
| തെങ്കര | 2017-18 | 100000 | പി.എം.എ.വൈ | - | 100000 |

# 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കേരള ജല അതോറിറ്റി | ചോലയിൽകുന്ന് പുലിഞ്ചോട് പൈപ്പ് ലൈൻനീട്ടൽ (ജനറൽ) | 9/25.9.2017 | 500000 | - | 500000 |
| കേരള ജല അതോറിറ്റി | കുന്നംതുരുത്തി, കാരക്കാട് എന്നിവിടങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻനീട്ടൽ | 8/20.9.2017 | 500000 | - | 500000 |
| കേരള ജല | ഈശ്വരമണ്ണ് | 6/20.9.2017 | 488000 | - | 488000 |

| | | | | | |
|---|---|---|---|---|---|
| അതോറിറ്റി | എസ് ടി കോളനി കുടിവെള്ള പദ്ധതി | | തനത് ഫണ്ട്-12000 | | തനത് ഫണ്ട്-12000 |
| ഡയറക്ടർ, എംജി എൻ ആർ ഇ ജി എസ് | അരിപ്പനഴി അങ്കണവാടി കെട്ടിടനിർമാണം-കാഞ്ഞിരപ്പുഴ | 37/8.2.18 | 500000 | - | 500000 |
| കേരള ജല അതോറിറ്റി | ചേലേങ്കര പച്ചക്കാട് കുടിവെള്ളപദ്ധതി പൈപ്പ്ലൈൻ നീട്ടൽ | 7/20.9.2017 | 500000 | - | 500000 |
| കേരള ജല അതോറിറ്റി | തരിശ്ശിപ്പാടം കുടിവെള്ളപദ്ധതി-കാഞ്ഞിരപ്പുഴ | 42/28.2.2018 | 300000 | - | 300000 |
| കരിമ്പ, തച്ചമ്പാറ, ഗ്രാമപഞ്ചായത്തുകൾ | കരിമ്പ,തെങ്കര ,തച്ചമ്പാറ ഗ്രാമപഞ്ചായത്തുകൾക്ക് ഗ്യാസ് ക്രിമിറ്റോറിയം | 31/31.10.2017<br>32/11.1.18 | 1000000<br>1500000 | - | 1000000<br>1500000 |
| കേരള ജല അതോറിറ്റി | മുതുവള്ളി കുടിവെള്ള പദ്ധതി | 43/28.2.2018 | 220000 | - | 220000 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനവായ്പ (Palakkad Dist. Co.op Bank) | സ.ഉ (എം എസ്)90/2013/ തസ്വഭവ, തീ.14.3.2013 | 23106500 | 5308265 | 3486660 | | 1821605 |
| ഐ.എ.വൈ ഭവന വായ്പ (Mannarkkad Rural Co-op. Bank) | ലഭ്യമല്ല | 2500000 (2013-14) | ലഭ്യമല്ല 7/2017ലെ ഡിമാന്റ് പ്രകാരം 775511 (പലിശയുൾപ്പെടെ) | 760000 | 25821 | 0 |
| Unsecured loan | വിവരം ലഭ്യമല്ല | | 999826 | - | - | 999826 |

ലോണുകളുടെ വിവരം രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇ എം എസ് ലോൺ എടുത്ത ബാങ്കിന്റെ ഡിമാന്റ് നോട്ടീസ് പ്രകാരം 8/17 -ന് 11848354 രൂപ ബാക്കിയുണ്ടായിരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. 2017-18 വർഷത്തിൽ 3486660/- രൂപ ഒടുക്കിയിട്ടുള്ളതിനാൽ ബാങ്കിന്റെ കണക്ക് പ്രകാരം 8361694/- രൂപ അടവാക്കാൻ അവശേഷിക്കുന്നു. ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ നീക്കിയിരുപ്പാണ് ചേർത്തിട്ടുള്ളത്. ബി6 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള 999826/- രൂപയുടെ ലോൺ സംബന്ധിച്ച യാതൊരു രേഖകളും ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ല.

# 4-5 സ്ഥിര നിക്ഷേപം

ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)<u>ചാർജ് നടപടി വഴി ഈടാക്കിയ തുക</u>**

ഈ ഇനത്തിൽ വരവില്ല

**(ബി)<u>സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>**

ഈ ഇനത്തിൽ വരവില്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹130769202.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹127129810.00 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹62124.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹116890.00 |

**(ബി).** **<u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-8 | | 5474 | അനിലകുമാരൻ.സി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-15 | | 56650 (fine) | അനിലകുമാരൻ.സി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | | 62124 | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 116890 | പ്രസാദ്.എസ്., ബി.ഡി.ഒ. |
| ആകെ | 116890 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഒന്നുമില്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഒന്നുമില്ല

**<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പ്രസാദ്.എസ്., ബി.ഡി.ഒ. | ബിഡിഒ/സെക്രട്ടറി, ഭരണിക്കാവ് ബ്ലോക്ക്പഞ്ചായത്ത് | വിളയിൽ പുത്തൻവീട്, കോനത്ത്, പൂയപ്പള്ളി (പി.ഒ), കൊല്ലം -691537 |
| അനിലകുമാരൻ.സി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് | ചരക്കുളം ഹൗസ്, കാറൽമണ്ണ, ചെർപ്പുളശ്ശേരി, പാലക്കാട് |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1998-99 | എൽ.എഫ്.പി.8/998/02/ 02.03.03 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 1999-00 | എൽ.എഫ്.പി.8/1090/03/ 15.11.03 | " " |
| 2000-01 | എൽ.എഫ്.പി.8/530/05/ 05.04.06 | " " |
| 2001-02 | എൽ.എഫ്.പി.8/530/05/ 06.11.07 | " " |
| 2002-03 | എൽ.എഫ്.പി.8/1349/07/ 06.11.07 | " " |
| 2003-04 | എൽ.എഫ്.പി.8/1350/07/ 06.11.07 | " " |
| 2004-05 | എൽ.എഫ്.പി.8/1351/07/ 06.11.07 | " " |
| 2005-06 | എൽ.എഫ്.പി.8/1352/07/ 06.11.07 | " " |
| 2006-07 | എൽ.എഫ്.പി.8/1353/07/ 06.11.07 | " " |
| 2007-08 | എൽ.എഫ്.പി.8/1354/07/ 06.11.07 | " " |

| | | |
|---|---|---|
| 2008-09 | എൽ.എഫ്.പി.8/1340/11/ 16.12.11 | " " |
| 2009-10 | എൽ.എഫ്.പി.8/1340/11/ 16.12.11 | " " |
| 2010-11 | എൽ.എഫ്.പി.8/1523/14/ 03.06.15 | " " |
| 2011-12 | എൽ.എഫ്.പി.8/1523/14/ 03.06.15 | " " |
| 2012-13 | കെ.എസ്.എ.പി.കെ.ഡി.8/1103/15/04.12.15 | " |
| 2013-14 | | |
| 2014-15 | .കെ.എസ്.എ.പി.കെ.ഡി.8-382/16 / 2.4.16 | ഫർദർ റിപ്പോർട്ട് |
| 2015-16 | കെ.എസ്.എ.പി.കെ.ഡി.8-459/17 / 20.5.17 | ഫർദർ റിപ്പോർട്ട് |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

# അനുബന്ധം -1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ (സാധാ) 1413/ 2018/ ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-2

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ :

1) താഴെ പറയുന്ന രജിസ്റ്ററുകൾ കാലികമാക്കി പരിപാലിച്ച് വരുന്നില്ല :

a) ഡെപ്പോസിറ്റ് രജിസ്റ്റർ.(B-7)

b) അഡ്വാൻസ് രജിസ്റ്റർ.(B-18)

c) ആസ്തി രജിസ്റ്റർ.(B-11)

d) ലോൺ രജിസ്റ്റർ.(B-5)

2) തൻവർഷ കുടിശ്ശിക തുകകൾക്ക് "Income & Expenditure Account" ൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

3) ആസ്തികൾക്ക് "Income & Expenditure Account" ൽ തൻവർഷത്തേക്കുള്ള ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

4) ബ്ലോക്ക് പഞ്ചായത്തിന്റെ ബാങ്കിങ്ങ് ഇടപാടുകൾക്കായി ആരംഭിച്ച വിവിധ ബാങ്ക് അക്കൗണ്ടുകളിലെ പാസ് ബുക്കിലെ 31.03.2018 ലെ നീക്കിയിരിപ്പുകളുമായി ബ്ലോക്ക് പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടുകളുമായി ഒത്ത് നോക്കിയപ്പോൾ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തി.

a) വിജയ ബാങ്ക് അക്കൗണ്ടിന്റെ BRSൽ സസ്പെൻസ് അക്കൗണ്ടിൽ 235/- രൂപ കുറവായി കാണിച്ചിട്ടുണ്ട്.

b) TSB5 അക്കൗണ്ടിന്റെ BRSൽ സസ്പെൻസ് അക്കൗണ്ടിൽ 19/- രൂപ കുറവായി കാണിച്ചിട്ടുണ്ട്.

c) IAY Plan അക്കൗണ്ടിന്റെ BRSൽ സസ്പെൻസ് അക്കൗണ്ടിൽ 5953/- രൂപ കുറവായി കാണിച്ചിട്ടുണ്ട്.

d) Vijaya IWDP അക്കൗണ്ടിന്റെ ബാങ്ക് പാസ്സ് ബുക്ക് ഓഡിറ്റിന് സമർപ്പിക്കപ്പെട്ടിട്ടില്ല.

e) IOB central share ന്റെ BRSൽ 4/5/2018 ലെ പലിശ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

f) Indian Overseas ബാങ്ക് SECC അക്കൗണ്ട് ക്ലോസ് ചെയ്തതാണെങ്കിലും ബാങ്ക് ബുക്കിൽ ബാലൻസ് കാണിച്ചിട്ടുണ്ട്.

g) പാലക്കാട് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പാസ്സ് ബുക്ക് ഓഡിറ്റിന് സമർപ്പിക്കപ്പെട്ടിട്ടില്ല.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-2 വിവിധ പത്രികകൾ

| | | | |
|---|---|---|---|
| | **Mannarkkad Block Panchayat BALANCE SHEET** | | |
| | For the period from 01-April-2017 to 31-March-2018 | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | -84138600.63 |
| 312000000 | Reserves | B-3 | 133395392.00 |
| | **Total Reserve & Surplus** | | **49256791.37** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 160697598.50 |
| | **Total Grants, Contributions for Specific Purposes** | | **160697598.50** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 1821605.00 |
| 331000000 | Unsecured Loans | B-6 | 999826.00 |
| | **Total Loans** | | **2821431.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1589373.00 |
| 350000000 | Other Liabilities | B-9 | 6677138.00 |
| | **Total Current Liabilities and Provisions** | | **8266511.00** |
| | **TOTAL LIABILITIES** | | **221042331.87** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 135475198.00 |
| 412000000 | Capital Work in Progress | B-11(a) | 24087939.00 |
| | **Total Fixed Assets** | | **159563137.00** |
| | **Investments** | | |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 85895.00 |
| 431000000 | Sundry Debtors (Receivables) | B-15 | 0.0 |
| 440000000 | Pre-paid Expenses | B-16 | 13971696.00 |
| 450000000 | Cash and Bank Balance | B-17 | 44623793.87 |
| 460000000 | Loand, Advances and Deposits | B-18 | 2797810.00 |
| | **Total Current Assets, Loans and Advances** | | **61479194.87** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | | | |

| | | | |
|---|---|---|---|
| | **Mannarkkad Block Panchayat INCOME & EXPENDITURE STATEMENT** | | |
| | For the period from 01-April-2017 to 31-March-2018 | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 420951.00 |
| 140000000 | Fee & User Charges | I-4(b) | 86341.00 |
| 150000000 | Sale & Hire Charges | I-5(b) | 147656.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 91289820.00 |
| 170000000 | Income from Investments | I-7 | 248890.00 |
| 171000000 | Interest Earned | I-8 | 716031.00 |
| 180000000 | Other Income | I-9 | 1182220.00 |
| | **Total Income** | | **94091909.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 1648142.00 |
| 220000000 | Administrative Expenses | I-11(b) | 8083314.00 |
| 230000000 | Operations & Maintenance | I-12(b) | 359373.00 |
| 240000000 | Interest & Finance Charges | I-13 | 2968.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 2328640.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 64655509.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 6208262.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 742762.00 |
| 255000000 | Maintenance Projects | I-14(e) | 11744947.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 77000.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 5000.00 |
| | **Total Expenditure** | | **95855917.00** |
| | | | |

| | | | |
|---|---|---|---|
| | **Gross Surplus/ Deficit of income over Expenditure** | | **-1764008.00** |
| 280000000 | Prior Period Item | I-18 | 128894.00 |
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-1892902.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| **Mannarkkad Block Panchayat**<br>**RECEIPT & PAYMENT STATEMENT** | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 40984401.87 |
| Cash | Cash | RP-40(a) | 0.0 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 0.0 |
| 130000000 | Rental income from Panchayat Properties | RP-3 | 326074.00 |
| 140000000 | Fees & User Charges | RP-4 | 86341.00 |
| 150000000 | Sale & Hire Charges | RP-5 | 147656.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 119120424.00 |
| 171000000 | Interest Earned | RP-9 | 716031.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7792402.00 |
| 350000000 | Other Liabilities | RP-36 | 57068.00 |
| | **Non Operating** | | |
| 170000000 | Income from Investments | RP-8 | 248890.00 |
| 180000000 | Other Income | RP-10 | 1182220.00 |
| 340000000 | Deposits Received | RP-34 | 282391.00 |
| 350000000 | Other Liabilities | RP-36 | 14828.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 94877.00 |
| 460000000 | Loans, Advances and Deposits | RP-47 | 700000.00 |
| | **Grand total** | | **171753603.87** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 1648142.00 |
| 220000000 | Administrative Expenses | RP-12 | 8080014.00 |
| 230000000 | Operations & Maintenance | RP-13 | 359373.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 2236251.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 64747898.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 6208262.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 742762.00 |
| 255000000 | Maintenance Projects | RP-20 | 11744947.00 |
| | | | |

Digitally signed by S pras Date: 2018.06.14 14:01:1

Reason: Approval Location: Kerala

**TOTAL ASSETS** **221042331.87**

Page No : 2